# കൃഷിമേഖലയ്ക്ക് 19.51 കോടിയുടെ നാശനഷ്ടം

കോഴിക്കോട്● പ്രകൃതിദുരന്തത്തിൽ ജില്ലയിലെ കൃഷിമേഖലയ്ക്ക് 19.51 കോടിയുടെ കനത്ത നാശ നഷ്ടം. ഓഗസ്റ്റ് 23 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരമാണിത്. നാശനഷ്ടങ്ങളുടെ അന്തിമ കണക്കുകൾ തയാറാക്കി വരുന്നു. കൊടുവള്ളി, കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തുകളെയാണ് ദുരന്തം ഏറെ ബാധിച്ചത്. തെങ്ങ്,വാഴ,നെല്ല്,കവുങ്ങ്, റബർ,ജാതി എന്നീ വിളകൾക്ക് കാര്യമായ നാശ നഷ്ടം സംഭവിച്ചിട്ടുണ്ട്.

**നാശനഷ്ടം ഇങ്ങനെ:**

● 12308 തെങ്ങ്, 768503 വാഴ,11790 കവുങ്ങ് ,550 കൊക്കോ,7839 റബർ,1341ജാതി, 65 ഗ്രാമ്പൂ,100 കശുമാവ്,5555 കുരുമുളക്, 119 ഹെക്ടർ നെല്ല് 35.28 ഹെക്ടർ കപ്പ,4.2 ഹെക്ടർ പച്ചക്കറി.

● 860.68 ഹെക്ടർ കൃഷിഭൂമിയിലെ വിളകളാണ് ഉരുൾപൊട്ടലും വെള്ളപ്പൊക്കവും കാരണം നഷ്ടമായത്. 7277 കർഷകരാണ് ദുരിതത്തിലായത്.

**നടപടി ഇങ്ങനെ:**

● നാശനഷ്ടങ്ങൾ ബ്ലോക്ക് തലത്തിൽ വിലയിരുത്തിയശേഷം പ്രാഥമിക റിപ്പോർട്ട് ജില്ലാ കൃഷി വകുപ്പ് തയാറാക്കി.

● കേന്ദ്ര സർക്കാർ 25.5 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 7.05 കോടി രൂപയും നഷ്ടങ്ങൾ പരിഹരിക്കാനായി നൽകി.

● പ്രിൻസിപ്പൽ കൃഷി ഓഫിസിൽ പ്രത്യേക സംഘം രൂപീകരിച്ചു, 3.7 കോടി രൂപ നഷ്ടപരിഹാരമായി അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

● പത്തിനകം അർഹമായ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

● വിള ഇൻഷുറൻസ് പദ്ധതി പ്രകാരം 13.32 ലക്ഷം രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു.